**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6769 — 1.11.2011-ൽ മറുപടിക്ക്.

## മ്യൂസിയങ്ങളിലെ സന്ദർശകരുടെ സൗകര്യങ്ങൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ. പാലോട് രവി<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ | | കുമാരി പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ മ്യൂസിയങ്ങളിലെ സന്ദർശകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് ; | (എ) | 1) സന്ദർശകർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തി.<br>2) അംഗവൈകല്യമുള്ള സന്ദർശകർക്കായി തിരുവനന്തപുരം മ്യൂസിയത്തിലെ നടപ്പാത സജ്ജീകരിച്ച് അവർക്കായി വീൽചെയറുകൾ വാങ്ങിയിട്ടുണ്ട്.<br>3) സന്ദർശകർക്ക് മ്യൂസിയങ്ങളെയും മൃഗശാലയെയും കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും വകുപ്പിലെ പ്രസിദ്ധീകരണങ്ങൾ വിൽക്കുന്നതിനുമായി കൗണ്ടർ പ്രവർത്തിച്ചുവരുന്നു.<br>4) സന്ദർശകർക്കായി ക്ലോക്ക് റൂം സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.<br>5) ഇലക്ട്രോണിക് ടോയ്ലെറ്റുകൾ ഉൾപ്പെടെ ടോയ്ലെറ്റ് സൗകര്യം വർദ്ധിപ്പിച്ചു. |
| (ബി) | നിലവിൽ സന്ദർശകർക്ക് കൗണ്ടർ വഴി ടിക്കറ്റ് നൽകുന്ന സംവിധാനം മാറ്റി ഓട്ടോമാറ്റിക് ടിക്കറ്റ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | നിലവിൽ സന്ദർശകർക്ക് കൗണ്ടർ വഴി ടിക്കറ്റ് നൽകുന്ന സംവിധാനം മാറ്റി ഓട്ടോമാറ്റിക് ടിക്കറ്റ് മെഷീനുകൾ സ്ഥാപിക്കുന്നതാണ്. |
| (സി) | സന്ദർശകർക്ക് കുടിവെള്ള സൗകര്യവും വികലാംഗർക്ക് മ്യൂസിയം പ്രാപ്യമാക്കുക. ഇൻഫർമേഷൻ കൗണ്ടറുകൾ, ക്ലോക്ക് റൂം, ബാത്ത് റൂം, എന്നിവയുടെ സൗകര്യങ്ങളും കൂടി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | മ്യൂസിയം മൃഗശാല സന്ദർശകർക്കായി കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അംഗവൈകല്യമുള്ള സന്ദർശകർക്കായി തിരുവനന്തപുരം മ്യൂസിയത്തിലെ നടപ്പാത സജ്ജീകരിച്ച് അവർക്കായി വീൽചെയറുകൾ വാങ്ങിയിട്ടുണ്ട്.<br>കൂടാതെ ഇൻഫർമേഷൻ കൗണ്ടറുകൾ ക്ലോക്ക് റൂം, ബാത്ത് റൂം എന്നിവ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും അപര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ